**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 840** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഭവന നിർമ്മാണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയടക്കം ഭവന നിർമ്മാണ ശേഷിയില്ലാത്ത ജനങ്ങൾക്കുവേണ്ടി നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ പോരായ്മകൾ വിലയിരുത്തി നവീന പദ്ധതി പ്രഖ്യാപിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഭവന നിർമ്മാണ ശേഷിയില്ലാത്ത ജനങ്ങൾക്കുവേണ്ടി നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ പോരായ്മകൾ വിലയിരുത്തി നവീന പദ്ധതി പ്രഖ്യാപിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. സമയബന്ധിതമായ ലക്ഷ്യപ്രാപ്തിയ്ക്കായി വിഷൻ 2031 എന്ന പേരിൽ വിവിധ വകുപ്പുകളിലൂടെ നിർവഹിക്കുവാനായി സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള ലക്ഷ്യങ്ങളിൽ, മത്സ്യത്തൊഴിലാളികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ ഭവനനിർമ്മാണ സംബന്ധിയായ പദ്ധതികളും ഉൾപ്പെട്ടിട്ടുണ്ട്.

**(ബി)** ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജന വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ചുരുങ്ങിയത് പത്ത് ലക്ഷം രൂപയെങ്കിലും സർക്കാർ സഹായമായി അനുവദിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ ഭവന നിർമ്മാണ വകുപ്പിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**